# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 548 * 04.07.2019 ൽ മറുപടിയ്ക്ക്

## അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വി. അൻവർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. കെ.വി.വിജയദാസ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) വിദ്യാഭ്യാസ പ്രക്രിയക്ക് പുറത്തുള്ള നിരക്ഷരർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവരെ സാക്ഷരരാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന ആസൂത്രണബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ 18 ലക്ഷത്തോളം നിരക്ഷരരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.<br><br>കേരളത്തിലെ അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനും അവർക്ക് തുടർവിദ്യാഭ്യാസത്തിന് അവസരം ഒരുക്കിക്കൊടുക്കുന്നതിനുമായി അക്ഷരലക്ഷം പദ്ധതി, 2000 പട്ടികജാതി-പട്ടികവർഗ്ഗ - തീരദേശമേഖലയിലെ കോളനികളിൽ പ്രത്യേക സാക്ഷരതാ പരിപാടി, അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് ആദിവാസി സാക്ഷരതാപദ്ധതി, നവചേതന പദ്ധതി, സമഗ്രപദ്ധതി, അക്ഷരസാഗരം പദ്ധതി, ചങ്ങാതി പദ്ധതി, സമന്വയ പദ്ധതി, അക്ഷരശ്രീ പദ്ധതി എന്നീ വിവിധ പദ്ധതികൾ സാക്ഷരതാമിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) സാമൂഹ്യ പിന്നോക്കാവസ്ഥകൊണ്ട് ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾച്ചേരാൻ കഴിയാതെ അതുവഴി കൂടുതൽ പിന്നോക്കാവസ്ഥയിലേക്ക് തള്ളപ്പെട്ടുപോകാനിടയായ പട്ടികഗോത്രവർഗക്കാരെ അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ശാക്തീകരിക്കാനുദ്ദേശിച്ചുകൊണ്ടുള്ള സമഗ്ര പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) പട്ടികവർഗ്ഗവിഭാഗങ്ങളിലെ നിരക്ഷരരെ സാക്ഷരരാക്കുന്നതിനും ഇവർക്ക് തുടർവിദ്യാഭ്യാസത്തിന് അവസരം ഒരുക്കുന്നതിനും വേണ്ടി സംസ്ഥാന സാക്ഷരതാമിഷൻ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് 'സമഗ്ര' ആദിവാസി സാക്ഷരത തുടർവിദ്യാഭ്യാസ പദ്ധതി. പട്ടിക വർഗ്ഗവികസനവകുപ്പ് തെരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. |

| | | | |
|---|---|---|---|
| | | | ഈ കോളനികളിൽ 2296 നിരക്ഷരർ ഉള്ളതായി കണ്ടെത്തുകയും ഇവരിൽ 2179 പേരെ ക്ലാസുകളിൽ പങ്കെടുപ്പിച്ച് പരീക്ഷ എഴുതിപ്പിക്കുകയും ഇതിൽ 1996 പേർ വിജയിച്ച് സാക്ഷരരാവുകയും ചെയ്തു. വിജയിച്ച മുഴുവൻ പഠിതാക്കൾക്കും സർട്ടിഫിക്കറ്റ് നൽകി. സാക്ഷരത പരീക്ഷ വിജയിച്ചവർ നാലാംതരം തുല്യതാകോഴ്സിൽ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു. അവശേഷിക്കുന്ന നിരക്ഷരർക്ക് വേണ്ടി സാക്ഷരതാ ക്ലാസുകൾ നടന്നുവരുന്നു. |
| (സി) | തുല്യതാ കോഴ്സുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് പരിപാടിയുണ്ടോ; മുഴുവൻ കുടുംബശ്രീ വനിതകളെയും പത്താംതരം യോഗ്യതയുള്ളവരാക്കാൻ പദ്ധതിയുണ്ടോ; തുടർവിദ്യാഭ്യാസ പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തിവരുന്ന തുടർ വിദ്യാഭ്യാസ പരിപാടിയാണ് തുല്യതാ പരിപാടി. വിവിധ ജീവിത സാഹചര്യങ്ങളാൽ പഠനം തുടരാൻ കഴിയാതെപോയവർക്കും വിവിധ കാരണങ്ങളാൽ പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവന്നവർക്കുമായി അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടിയാണ് സാക്ഷരതാമിഷന്റെ നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി എന്നീ തുല്യതാ കോഴ്സുകൾ. സാക്ഷരതാമിഷന്റെ പത്താംതരം തുല്യതാകോഴ്സ് സർട്ടിഫിക്കറ്റ് പി.എസ്.സി അംഗീകരിക്കുകയും പത്താംക്ലാസ് യോഗ്യതയായി പി. എസ്. സി നിശ്ചയിക്കപ്പെട്ടിട്ടുള്ള പരീക്ഷ കളെഴുതുന്നതിന് യോഗ്യരാവുകയും ചെയ്തിട്ടുണ്ട്. പത്താംതരം തുല്യത വിജയിച്ചവർക്കും പ്രീഡിഗ്രി/ ഹയർസെക്കൻഡറി പരാജയപ്പെട്ടവർക്കും തുടർപഠനാവസരം നൽകുന്നതിന് 2015 ൽ ആരംഭിച്ചതാണ് ഹയർസെക്കൻഡറി തുല്യതാകോഴ്സ്. ഈ കോഴ്സിലൂടെ പഠനം നടത്തി വിജയിച്ചവർക്ക് തുടർപഠനത്തിനായി വിവിധ യൂണിവേഴ്സിറ്റികളിൽ ചേർന്ന് പഠിക്കുന്നതിനുള്ള അവസരവും സാക്ഷരതാമിഷന്റെ ഈ കോഴ്സിലൂടെ ലഭിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീയിലെ പത്താംതരം വിജയിക്കാത്ത മുഴുവൻ വനിതകളെയും പത്താംതരം തുല്യതാവിദ്യാഭ്യാസം നേടിയെടുക്കുന്നതിന് 'സമ' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

1998 ൽ കേരളത്തിൽ സാക്ഷരതാമിഷൻ ആരംഭിക്കുമ്പോൾ കേവല സാക്ഷരത എന്ന ലക്ഷ്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, സാക്ഷരതയ്ക്കുമപ്പുറം തുടർവിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് മുന്നിൽ കണ്ടുകൊണ്ട് സാക്ഷരത കൈവരിക്കുന്നവരെ നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർ സെക്കൻഡറി എന്നീ തുടർ വിദ്യാഭ്യാസത്തിലേക്ക് എത്തിക്കുകയാണ് സാക്ഷരതാമിഷൻ ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ, സാക്ഷരതാമിഷൻ പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്

സെക്ഷൻ ഓഫീസർ